# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1994

22.01.2014- ൽ മറുപടിക്ക്

## ആലപ്പുഴ തുറമുഖ പുനർ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ഡോ. ടി.എം. തോമസ് ഐസക് : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ആലപ്പുഴ തുറമുഖ പുനർ നിർമ്മാണത്തിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അതിനായി എത്ര തുക ഇതുവരെ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; | (എ) ആലപ്പുഴ പോർട്ട് ഡവലപ്മെന്റ് ടെക്നിക്കൽ കമ്മിറ്റിയുടെ നിർദ്ദേശമനുസരിച്ച് ആലപ്പുഴ പോർട്ട് ഡവലപ്മെന്റ് കൺസൾട്ടന്റായ ഡിലോയിറ്റിന് പോർട്ട് ഡവലപ്മെന്റുമായി ബന്ധപ്പെട്ട Request For Proposal റിവൈസ് ചെയ്യുന്നതിന് നിർദ്ദേശം നൽകി.<br>ഡിലോയിറ്റ് Request For Proposal റിവൈസ് ചെയത് സമർപ്പിക്കുകയും ചെയ്തു. ആയത് പരിശോധിച്ചു വരുന്നു. ആലപ്പുഴ തുറമുഖത്തിന്റെ പുനർ നിർമ്മാണത്തിനായി വിശദമായ ഒരു സാദ്ധ്യതാ പഠനം നടത്തുകയും പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വികസന പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തു വരുന്നു. ആയതിന്റെ ഭാഗമായി താഴെ പറയുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതികൾ നടപ്പിലാകുന്ന മുറയ്ക്ക് തുക ചെലവഴിക്കുന്നതാണ്.<br><br>1. സിഗ്നൽ സ്റ്റേഷൻ പുനരുദ്ധാരണം - 17,00,000/- രൂപ<br>2. തുറമുഖ ഓഫീസറുടെ ബംഗ്ലാവിന്റെ പുനരുദ്ധാരണം -14,75,000/- രൂപ<br>3. മാരിടൈം ട്രെയിനിംഗ് ഹാൾ - 1,21,00,000/- രൂപ<br>4. ഓഫീസ് കെട്ടിട സമുച്ചയം - 1,72,00,000/- രൂപ<br>5. ക്ലബ് ഹൗസ് - 4,95,00,000/- രൂപ<br>6. ചുറ്റുമതിൽ നിർമ്മാണം - 1,22,00,000/- രൂപ |

7. സ്റ്റാഫ് ക്വാർട്ടേഴ്സ്
- 79,00,000/-
8. പുന്നമട ജെട്ടികളുടെ വികസനം
- 67,50,000/-
9. കോസ്റ്റൽ ഷിപ്പിംഗ് ജെട്ടി
- 1,60,00,000/-

ആകെ-12,48,25,000/-
(രൂപ പന്ത്രണ്ട് കോടി നാൽപ്പത്തിയെട്ട് ലക്ഷത്തി ഇരുപത്തി അയ്യായിരം മാത്രം)

(ബി) തുറമുഖ വകുപ്പിന് ആലപ്പുഴ തുമുഖത്ത് എത്ര സ്ഥാപനങ്ങളാണുള്ളത്; അവ ഏതെല്ലാമാണ്;

(ബി) ആലപ്പുഴ തുറമുഖത്ത് തുറമുഖ വകുപ്പിന്റേതായി 5 സ്ഥാപനങ്ങൾ ഉണ്ട്. പോർട്ടോഫീസ്, പിയർ മാസ്റ്റർ ഓഫീസ്, സിഗ്നൽ സ്റ്റേഷൻ, ഗോഡൗണുകൾ, ഓഫീസർ ബംഗ്ലാവ് എന്നീ സ്ഥാപനങ്ങൾ ആണ് നിലവിലുള്ളത്.

(സി) പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ എന്തെങ്കിലും നടന്നിട്ടുണ്ടോ; എങ്കിൽ ഏതെല്ലാമാണ്;

(സി) താഴെപ്പറയുന്ന പുതിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

1. മാരിടൈം ട്രെയിനിംഗ് ഹാൾ
2. ഓഫീസ് കെട്ടിട സമുച്ചയം
3. ക്ലബ് ഹൗസ്
4. ചുറ്റുമതിൽ നിർമ്മാണം
5. സ്റ്റാഫ് ക്വാർട്ടേഴ്സ്
6. പുന്നമട ജെട്ടികളുടെ വികസനം
7. കോസ്റ്റൽ ഷിപ്പിംഗ് ജെട്ടി

(ഡി) തുറമുഖ വകുപ്പിന്റെ ഏതെങ്കിലും കെട്ടിടങ്ങളിൽ മറ്റേതെങ്കിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഏതു സ്ഥാപനം; എന്തു കരാറിന്റെ അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത്; വിശദമാക്കുമോ;

(ഡി) തുറമുഖ വകുപ്പിന്റെ കെട്ടിടങ്ങളിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു.

1. സിവിൽ സപ്ലൈസ് ഗോഡൗൺ (സർക്കാർ ഉത്തരവ് പ്രകാരം)
2. കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം (സർക്കാർ ഉത്തരവ് പ്രകാരം)
3. ഡി.റ്റി.പി.സി-യുടെ ടൂറിസ്റ്റ് അമിനിറ്റി സെന്റർ (തുറമുഖ- ടൂറിസ്റ്റ് വകുപ്പ് ഡയറക്ടർമാരുടെ കരാർ പ്രകാരം)
4. കസ്റ്റംസ് ഓഫീസ് (സർക്കാർ ഉത്തരവ് പ്രകാരം)

| | | | |
|---|---|---|---|
| (ഇ) | തുറമുഖത്തിനോട് ചേർന്ന് വകുപ്പിന്റെ ഏതെങ്കിലും കെട്ടിടങ്ങൾ പ്രവർത്തന രഹിതമായി കിടപ്പുണ്ടോ ; അവ ഏതെല്ലാമാണ്; എന്തു പർപ്പസിനുള്ളതാണെന്ന് അറിയിക്കുമോ; | (ഇ) | തുറമുഖ വകുപ്പിന്റെ വക ഗോഡൗൺ കെട്ടിടങ്ങൾ പ്രവർത്തനരഹിതമായി കിടപ്പുണ്ട്. ഈ കെട്ടിടങ്ങൾ തുറമുഖ വികസന മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി ഉപയോഗ യോഗ്യമാക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. തുറമുഖ ഭൂമിയിൽ ആലപ്പുഴ മുൻസിപ്പാലിറ്റി നടത്തിയ ഒരു കെട്ടിട നിർമ്മാണം തുമുഖ വകുപ്പിന്റെ അനുമതിയില്ലാത്ത കാരണത്താൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല. |
| (എഫ്) | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ നിർദ്ദേശ പ്രകാരം എത്ര റോഡുകൾ നിർമ്മിച്ചു ; അവ ഏതെല്ലാമാണ് ? | (എഫ്) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 32 റോഡുകൾ പൂർത്തിയാക്കിയിട്ടുണ്ട്. പൂർത്തിയായ റോഡുകളുടെ പേര് ചുവടെ ചേർക്കുന്നു. |

1. മംഗലം കടപ്പുറം നാട്ടുകൂട്ടം ജംഗ്ഷൻ മംഗലംപള്ളി കുരിശ്ശടി മുതൽ വടക്ക് ബ്രിട്ടീഷ് പാട്ടം വരെയുള്ള 1 കി.മീറ്റർ റോഡ്
2. ഡോ. ഉത്തമൻ റോഡ്
3. എച്ച്.ബി.പാടം റോഡ്
4. പുന്നയ്ക്കൽ റോഡ്
5. ചിറയിൽ റോഡ്
6. ഗുരുമന്ദിരം റോഡ്
7. ആഞ്ഞിലി പറമ്പു റോഡ്
8. ഒ.കെ. വില്ല റോഡ്
9. മഹിമാ ബേക്കറി റോഡ്
10. പ്ലാംപറമ്പിൽ റോഡ്
11. എച്ച.ബി.പാടം വെസ്റ്റ് റോഡ്
12. എൻ.എച്ച് 47 ബ്രദേഴ്സ് കടവ് റോഡ്
13. നീലിവേലിത്തറ- ഗുരുമന്ദിരം റോഡ്
14. മധുരക്കുളം- മംഗലശ്ശേരി റോഡ്
15. സാരഥി ജംഗ്ഷൻ- കവിത ജംഗ്ഷൻ-സർവ്വോദയം റോഡ്
16. വാലയിൽ-പൊഴിച്ചാൽ റോഡ്
17. മാരാരിക്കുളം-മാപ്പിളപ്പറമ്പ് റോഡ്
18. തയ്യിൽ തോട്-റെയിൽവേ ക്രോസ് റോഡ്
19. കോൺവെന്റ് റോഡ്
20. കുരിശ്ശടി-കായൽ റോഡ്
21. കുന്നത്തുകടവ്-മാവേലി റോഡ്
22. തങ്കിപ്പള്ളി-കടപ്പുറം റോഡ്
23. ലക്ഷമിക്കരി റോഡ് റീടാറിംഗ്
24. തിരുവിഴ ബീച്ച്- റീത്താലയം ബീച്ച്
25. സെന്റ് ജോർജ്ജ് ചർച്ച്- വേലംപറമ്പ് റോഡ്
26. ഇമാക്യുലേറ്റ്-പുത്തനാട് റോഡ്
27. പള്ളിമുക്ക് വേമ്പനാട്ടു കായൽ വരെയുള്ള റോഡ് (ആലപ്പുഴ നഗരസഭ)

28. എസ്.എൻ.കവല- വേമ്പനാട് കായൽ റോഡ് റീടാറിംഗ്
29. പള്ളിമുക്ക് വേമ്പനാട് കായൽ റോഡ് (മണ്ണൻചേരി ഗ്രാമ പഞ്ചായത്ത്)
30. എൽ.കെ.കമ്പിയിൽ ബാബു സാമുവലിന്റെ വീടിന്റെ പരിസരം
31. അർത്തുങ്കൽ റോഡു മുതൽ എക്സൈസ് റോഡ്
32. പൂത്തോപ്പ്-പുളിത്താഴെ റോഡ്. (അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത്)

സെക്ഷൻ ഓഫീസർ